കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ. എസ്.എ. എം.പി.എം.13/16/2017

കേരള സംസ്ഥാന ഓഡിററ് വകുപ്പ്
സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
മലപ്പുറം ജില്ല
തീയതി.5-2-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2015-16. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

MAC

നം .കെ.എസ്.എ.എം.പി.എം. 13/16/2017 തിയ്യതി: 5-2-2017

മലപ്പുറം.ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം.ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.7.2016 മുതൽ 21.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ഷാജഹാൻ.എ. എസ്.ഡെപ്യൂട്ടിഡയറക്ടർ, | |
| ഓഡിറ്റിന് വിനിയോഗിച്ചസമയം | : | 20.12.2016മുതൽ 31.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നസ്സീർ.ടി.കെ | അസി.ഓഡിററ്ഓഫീസർ |
| | | ശ്രീ.ഷാജഹാൻഖുറൈശി.എം | സീനിയർഗ്രേഡ്ഓഡിററർ |
| | | ശ്രീ.മുഹമ്മദ്നൗഷാദ്.എ.കെ | ഓഡിററർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദ് മാസ്റ്റർ.പി | 1.4.2015മുതൽ10.11.2015വരെ |
| | എക്സിക്യൂട്ടീവ് സമിതി | 11.11.2015മുതൽ18.11.2015വരെ |
| | ശ്രീമതി.ഹബീബകരുവള്ളി | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | ശ്രീ.സി.പി.രാജീവൻ | 1.4.2015 മുതൽ 31.3.2016 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അ.സി.സെക്രട്ടറി | ശ്രീമതി.റോസ്സി | 01.4.2015മുതൽ 31.3.2016വരെ |
| അസി.എൻജിനിയർ | ശ്രീ.മുജീബ് റഹ്മാൻ.പി.എ | 01.4.2015മുതൽ 31.3.2016വരെ |
| വെററിനറിസർജ്ജൻ | ഡോ.അബ്ദുൾനാസ്സർ | 01.4.2015മുതൽ11.10.2015വരെ |
| -ടി- | ഡോ.സജിത്ത് | 12.10.2015മുതൽ31.3.2016വരെ |

| | | |
|---|---|---|
| കൃഷിഓഫീസർ | ശ്രീ.ഷുഹൈബ് .ടി | 01.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽഓഫീസർ | ഡോ.ഷംഷാദ് | 01.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ | ശ്രീ.സാജൻ | 01.4.2015മുതൽ 31.3.2016വരെ |
| I.C.D.S | ശ്രീമതി.മിനി.കെ | 01.4.2015മുതൽ 31.3.2016വരെ |
| ആയൂർവ്വേദം | ഡോ.മാജിദ ഹൈദർഅലി | 1.4.2015മുതൽ 31.3.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മെയ്തീൻക്കുട്ടി | 1.4.2015മുതൽ 31.3.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി -ഡിമാൻറ് ചെയ്യാത്തത് സംബന്ധിച്ച് | 2-1 | |
| 13 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-2 | |
| | ഭാഗം-3 | | |
| 14 | പത്താം ക്ലാസ്സ് ഉല്ല്യത കോഴ്സ്-മാർഗ്ഗരേഖയ്ക്ക വിരുദ്ധമായി തുക ചെലവഴിച്ച | 3-1 | |
| 15 | റോഡ് പ്രവർത്തി-പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന്ന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് | 3-2 | |
| 16 | വീട്ടമ്മമാർക്ക് കറവപ്പശു വിതരണം-വിശദീകരണം ലഭ്യമാക്കണം | 3-3 | |
| 17 | പഠനയാത്രക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. | 3-4 | |
| 18 | കൺവവീനർ പ്രവർത്തികൾ-അടിസ്ഥാനരേഖകൾ ഹാജരാക്കിയിട്ടില്ല | 3-5 | |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ-നികുതി ഈടാക്കിയിട്ടില്ല | 3-6 | |
| 20 | SC വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -അപാകതകൾ | 3-7 | |
| 21 | അസി.എൻജിനിയർ-പദ്ധതി പ്രവർത്തനത്തിന് പ്രവർത്തന കലണ്ടർ പാലിക്കുന്നില്ല | 3-8 | |
| 22 | PHC മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കണം | 3-9 | |
| 23 | പാലിയേറ്റീവ് പരിചരണത്തിനായി തുക ചെലവഴിക്കൽ മാർഗ്ഗരേഖ പാലിക്കണം | 3-10 | |

| | | | |
|---|---|---|---|
| 24 | കൺവീനർ പ്രവർത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല | 3-11 | |
| 25 | നിർവ്വഹണോദ്ധ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 3-12 | |
| 26 | ആശ്രയ പദ്ധതി അവലോകനം | 3-13 | |
| 27 | അംഗനവാടികളുടെ അടിസ്ഥാന സൗകര്യം പര്യാപ്തമല്ല | 3-14 | |
| 28 | പ്രസിഡൻറിൻറ ദുരിധാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 3-15 | |
| 29 | ഡെപ്പോസിററ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-16 | |
| 30 | പൊതുവാട്ടർടാപ്പ് -സംയുക്തപരിശോധന നടത്തണം | 3-17 | |
| | ഭാഗം 4 | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക | 4-7 | |
| 38 | ഓഡിററ് പ്രത്യവലോകനം | 4-8 | |
| 39 | മുൻഓഡിററ് റിപ്പോർട്ട്കളുടെ വിവങ്ങൾ | 4-9 | |
| | അനുബന്ധം | | |
| | ഓഡിററ് സർട്ടിഫിക്കറ്റ് | ANNEXURE | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

i)

| 2015-16 ലെബജറ്റ്പാസ്സാക്കിയ തീരുമാനനമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാനനമ്പർ./തിയ്യതി |
|---|---|
| 1 തിയ്യതി 26.3.2015 | -- |

ii) ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1739320 | 1668557 | | 70763 | 4.07% |
| വരവ് | 80796176 | 49765277 | | 31030899 | -38.41% |
| ആകെ | 82535496 | 51433834 | | 31101662 | -37.68% |
| ചെലവ് | 80397676 | 46045520 | | 34352156 | -42.73% |
| നീക്കിയിരിപ്പ് | 2137820 | 3719757 | 1581937 | | +73.99% |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.6.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20.12.2016 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

2015-16 വാർഷിക കണക്കുകളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു

1.A.C.R പ്രകാരമുള്ള വരവുകളും A.F.S പ്രകാരമുള്ള വരവുകളും പൊരുത്തപ്പെടുന്നില്ല

2.D.B.T പ്രകാരമുള്ള പെൻഷൻ വിതരണം A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

3.ബിൽഡിങ് ടാക്സ് സംക്ഷിപ്തം,ഡിമാൻറ് രജിസ്ററർ എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല

4.ബാലൻസ് ഷീററിലെ അഡ്വൻസ്,ഡെപ്പോസിററ് തുകകൾ രജിസ്ററുമായി പൊരുത്തപ്പെടുന്നില്ല

5.നിർജ്ജീവമായ അക്കൗണ്ടുകൾ CLOSE ചെയ്തിട്ടില്ല

6.ബാലൻസ് ഷീററിലെ വർഷാവസാന മിച്ച/നഷ്ട തുക (SHEDULE-B-1)കണക്കാക്കിയത് മുൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

7.തൻവർഷത്തെ അടക്കമുള്ള മുഴുവൻ ആസ്തികളും തിട്ടപ്പെടുത്തി ബാലൻസ് ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല

8.നിർവ്വഹണോദ്ധ്യോഗസ്ഥർ ഒടുക്കുന്ന VAT.IT,W.F എന്നിവ A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

9.മുൻ വർഷത്തെ വാർഷിക കണക്കുളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല

## 1-4 ധനകാര്യവിശകലനം.

ധനകാര്യപത്രിക *(AFS പ്രകാരമുള്ള വിവരങ്ങൾ)*

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 18169314 |
| വരവ് | 25655576 |
| ആകെ | 43824890 |
| ചെലവ് | 36191468 |
| നീക്കിയിരിപ്പ് | 7633422 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ചെലവു ശതമാനം | നീക്കി ബാക്കി (Lapsed) | നീക്കി ബാക്കി (RP40b |
|---|---|---|---|---|---|---|---|---|

| | | | | | | | | പ്രകാരം) |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വികസനഫണ്ട് (ജനറൽ) | 1139570 | 5719270 | 4391533 | 11250373 | 5322071 | 47.31 | 5928302 | 0 |
| വികസനഫണ്ട്( എസ്.സി.പി) | 978238 | 2478598 | (-) 609598 | 2847238 | 1878562 | 65.98 | 968676 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | ---- | ---- | ---- | ---- | ---- | ---- | ---- | ---- |
| സംരക്ഷണഗ്രാന്റ് (റോഡ്) | 3225683 | 1075000 | ---- | 14281683 | 10498436 | 73.5 | 3783247 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 1145858 | 2320000 | ---- | 3465858 | 1738506 | 50.16 | 1727352 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 896426 | 2949752 | (-) 1701694 | 3235636 | 1606437 | 49.65 | 1629199 | 0 |
| ലോകബാങ്ക് സഹായം | 2105241 | 2080241 | (-) 2080241 | 2105241 | 1933185 | 91.83 | 172056 | 0 |

## 1-6 പദ്ധതി അവലോകനം.

a)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2015-16

| അംഗീകാരംലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ% |
|---|---|---|---|---|---|---|
| 222 | 47430505 | 163 | 28718291 | 0 | 59 | 60.54% |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

b) നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയവ

| നിർവഹണഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ചതുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ% |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 400800 | 4 | 400800 | 0 | 0 | 100 |
| വെറ്റിനറി സർജൻ | 6 | 1610000 | 5 | 718850 | 0 | 1 | 44 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 700000 | 3 | 478152 | 0 | 0 | 68.8 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2750000 | 2 | 262726 | 0 | 0 | 95.53 |
| വി.ഇ.ഒ | 7 | 6736100 | 4 | 3220000 | 0 | 3 | 47.8 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 3875064 | 6 | 3803663 | 0 | 0 | 98.14 |
| സെക്രട്ടറി | 13 | 1676028 | 10 | 1414829 | 0 | 3 | 84.41 |
| ഹെഡ്മാസ്റ്റർ | 3 | 264638 | 2 | 217852 | 0 | 1 | 82.32 |
| അസി.എഞ്ചിനീയർ | 170 | 29162875 | 121 | 16689931 | 0 | 49 | 57.23 |
| അസി.സെക്രട്ടറി | 8 | 2730000 | 6 | 1511488 | 0 | 2 | 55.36 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 4087048 | 3015627 | (-)1071421 | (-)26.22 |
| നികുതിയേതരവരവുകൾ | 435626 | 565858 | (+)130232 | (+)29.90 |
| ആകെ | 4522674 | 3581485 | | |

## 1-8 ക്ഷേമപദ്ധതികൾ.

a) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെപേര് | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|
| തൊഴിൽരഹിതവേതനം | 52 |
| കർഷകതൊഴിലാളിവേതനം | 229 |
| വിധവാപെൻഷൻ | 721 |
| വാർദ്ധക്യകാലപെൻഷൻ | 408 |
| വികലാംഗപെൻഷൻ | 260 |
| വിവാഹധനസഹായം | 17 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം | 9 |

b) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമനം. | പദ്ധതി | 2015-16 | നിശ്ചിത | നിരസിച്ചവ | കാലതാ |
|---|---|---|---|---|---|

| | | ൽ ലഭിച്ച അപേക്ഷ കളുടെ എണ്ണം | ദിവസത്തി നകം തീരുമാന മെടുത്തവ | | മസമുണ്ടെങ്കിൽപരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിതവേതനം | 10 | 10 | 6 | |
| 2 | കർഷകതൊഴിലാളിവേതനം | 6 | 6 | 3 | |
| 3 | വിധവാപെൻഷൻ | 45 | 45 | 0 | |
| 4 | വാർദ്ധക്യകാലപെൻഷൻ | 87 | 86 | 7 | |
| 5 | വികലാംഗപെൻഷൻ | 10 | 9 | 0 | |
| 6 | വിവാഹധനസഹായം | 9 | 9 | 1 | |
| 7 | 50 വയസ്സ്കഴിഞ്ഞ അവിവാഹി തരായ സ്ത്രീകൾ ക്കുള്ളപെൻഷൻ | 2 | 2 | 0 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12406./-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തിസംരക്ഷണം,-

അംഗനവാടികെട്ടിടങ്ങൾ(11 കെട്ടിടം വാടകയ്ക്ക്)അപകടാവസ്ഥയിലാണ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-കാര്യക്ഷമമല്ല.ഡിമാൻറ് രജിസ്റ്റർ (കെട്ടിടം)പൂർത്തികരിച്ചിട്ടില്ല,മേൽ നോട്ടം -കാര്യക്ഷമല്ല.തനത് ഫണ്ട് പ്രോജക്ടുകളുടെ വൻ തുക കൊടുത്തു തീർക്കാനുണ്ട്,ഫ്രണ്ട് ഓഫീസ്-അടിസ്ഥാന സൗകര്യമുണ്ട് പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമാണ് ഓഫീസ് യോഗങ്ങൾ-കാര്യക്ഷമല്ല,ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ-അപാകതയില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ്നടത്തി യതിയ്യതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ടലഭിച്ച തിയ്യതി | ഗുരുതരമായഓഡിറ്റ്പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/12/2016 - 15/12/2016 | 11/2016 | 4/9/2016 | ഇല്ല |
| എ.ജിഓഡിറ്റ് | 8/5/2006 - 20/5/2016 | 1997-98 - 2005-2006 | 21/6/2006 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി -ഡിമാൻറ് ചെയ്യാത്തത് സംബന്ധിച്ച്

താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | S.B.T .മക്കരപ്പറമ്പ് | I&II |
| 2 | തയ്യിൽ ഗ്യാസ് ഏജൻസി | II |
| 3 | അക്ഷര കോളേജ്,മക്കരപ്പറമ്പ് | II |
| 4 | മാവേലി സ്റ്റോർ,മക്കരപ്പറമ്പ് | 1 |
| 5 | KSEB മക്കരപ്പറമ്പ് | 1&II |
| 6 | മക്കരപ്പറമ്പ് ഗ്രാമീണ ബാങ്ക് | I |
| 7 | മക്കരപ്പറമ്പ് വനിത സഹകരണ സംഘം | I |

ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 2-2 ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

ഡി & ഒ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2).അപേക്ഷ, അന്വേഷണ റിപ്പോർട്ട് എന്നിവയിൽ യന്ത്രങ്ങളുടെ കുതിരശക്തി/ വിറ്റുവരവ് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് വർഷങ്ങളിൽ ഡി & ഒ ലൈസൻസിന് വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച ഭൂരിഭാഗം അപേക്ഷകളിലും ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിയോ, ഒരു ദിവസത്തെ വിറ്റു വരവോ രേഖപ്പെടുത്തിയിട്ടില്ല. ഈ അപേക്ഷകളിൻമേലുള്ള അന്വേഷണ റിപ്പോർട്ടിലും ഇക്കാര്യം പരാമർശിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച ഡി & ഒ ലൈസൻസ് അപേക്ഷകളിൻ മേൽ മതിയായ ലൈസൻസ് ഫീസ് ഈടാക്കിയിട്ടാണോ ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ലൈസൻസിന് വേണ്ടിയുള്ള അപേക്ഷകളിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളാണെങ്കിൽ, ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിയും അല്ലാത്ത സ്ഥാപനങ്ങളുടെ കാര്യത്തിൽ ഒരു ദിവസത്തെ വിറ്റുവരവ് വിവരവും രേഖപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്താം ക്ലാസ്സ് തുല്യത കോഴ്സ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവ്വഹണം -ഹെഡ്മാസ്റ്റർ പ്രോജക്ട് -ഒപ്പത്തിനൊപ്പം (തുല്യത കോഴ്സ്) 218/16

അടങ്കൽ -50000 ബിൽനം -2/15-16 /29.3.2016

തുക -46120 (പ്ലാൻ )

പത്താം ക്ലാസ്സ് തുല്യത കോഴ്സിന് സർക്കുലർ നം 48360/F.M.1/2009/6.10.2009 പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗം ഒഴികേയുള്ള വിഭാഗത്തിലെ വനിതകൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മററു വിഭാഗത്തിലെ ഗുണഭോക്താക്കൾ എന്നിവർക്ക് മാത്രമാണ് കോഴ്സ് ഫീ അനുവദനീയമായിട്ടുള്ളത്. ആയതിന്ന് വിരുദ്ധമായി, രേഖകൾ പരിശോധിച്ചതിൽ, കോഴസ് ഫീ, പരീക്ഷഫീ എന്നിവ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ അധ്യാപകർക്ക് ഹോണറേറിയം അനുവദിച്ചിട്ടുള്ളതായും കാണുന്നു. മററു അപാകതകൾ ചുവടെ ചേർക്കുന്നു

1.കോഴ്സ് ഫീ സംസ്ഥാന സാക്ഷരത മിഷന് നൽകാതെ ഗുണഭോക്താക്കൾക്ക് തുക പണമായി നൽകി.

2.പുസ്തക വിലയായി നൽകിയ 500/-രൂപ അംഗീകരിക്കുന്നില്ല

3.ഹോണറേറിയം നൽകിയ 4000/-രൂപ അംഗീകരിക്കുന്നില്ല

4.ഭക്ഷണം നൽകിയ വകയിൽ 1120/-രൂപ അംഗീകരിക്കുന്നില്ല

5ഫീസിനത്തിൽ ഗുണഭോക്താക്കൾക്ക് ഡിഡിയായി നൽകിയ തുക 40500/-രൂപ അംഗീകരിക്കുന്നില്ല,

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ആകെ 46120/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും

ഈടാക്കണം.

നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/23-12-2016)ക്ക് മറുപടി ലഭ്യമാക്കിയില്ല

## 3-2 റോഡ് പ്രവൃത്തി-പൂർത്തീകരണ സമയം ദീർഘിപ്പിച്ചതിന്ന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

മരാമത്ത് പ്രവർത്തികളുടെ പൂർത്തികരണ സമയം ദീർഘിപ്പിച്ചു കൊടുക്കുന്ന സംഗതികളിൽ ജി.ഒ. (പി) 13/2012 /PWD/01.02.2012 (പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012- സെക്ഷൻ 2112)പ്രകാരം കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ എ.ഇ മുഖേന അപേക്ഷ നൽകി പഞ്ചായത്ത് ഭരണ സമിതി അംഗീകാരം വാങ്ങി ഫൈൻ ഈടാക്കിക്കൊണ്ട് ദീർഘിച്ചുനൽകാവുന്നതാണ് .പരിശോധനയിൽ അത്തരത്തിൽ അപേക്ഷിക്കുകയോ സമിതി അംഗീകാരം വാങ്ങിക്കുകയോ ചെയ്യാതെ പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന്ന് ഫൈൻ ഈടാക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.പ്രവർത്തി-അംഗനവാടികെട്ടിടം നിർമ്മാണം (W-6) (പ്രോ-195/14-15-എകവർഷ പ്രോജക്ട്)

കോൺട്രാക്ടർ-മുഹമ്മദ് തസ്നീം അടങ്കൽ -810000/-

എംബുക്ക് -47/14-15 എഗ്രിമെൻറ് നം-45/14-15/18.2.15

ബിൽ നം-116/15-16/31.3.16

പൂർത്തീകരണ തീയ്യതി -31.03.2015 (എഗ്രിമെൻറ് പ്രകാരമുള്ളത് )

പൂർത്തീകരിച്ച തീയ്യതി-29.12.2015 (അവസാന ചെക്ക് മെഷർ )

ഫൈൻ ഈടാക്കേണ്ടത്

1.4.2015 മുതൽ 30.06.2015 വരെ - 810000 x1% = 8100

1.7.2015 മുതൽ 30.09.2015 വരെ -810000x 2% =16200

1.10.2015 മുതൽ 28.12.2015 വരെ 810000x 2%X87/90 = 15660

ആകെ = 39960/-

തുക കോൺട്രാക്ടറിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-3 വീട്ടമ്മമാർക്ക് കറവപ്പശു വിതരണം-വിശദീകരണം ലഭ്യമാക്കണം

പ്രൊജക്ട് : വീട്ടമ്മമാർക്ക് കറവപ്പശു വിതരണം പ്രോജക്ട്നം. : S0013/16 (പ്ലാൻ)

(1)ബിൽ നം. 1/15-16/30-01-16 : 2,25,000/- (2)ബിൽ നം. 6/15-16/29-03-16 : 45,000/-

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ 18 പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങിയതിനുള്ള ധനസഹായം 15000/-രൂപ വീതം ആകെ 30,000 രൂപ നൽകിയിട്ടുണ്ട് :

(1) ശ്രീമതി റീന കുഴിയേങ്ങൽ W/O. ഉണ്ണികൃഷ്ണൻ കുഴിയേങ്ങൽ (വാർഡ്-6)

(2) ശ്രീമതി റഷീദ W/O. ഹമീദ് തയ്യിൽ (വാർഡ് -2)

ഇതേ ഗുണഭോക്താക്കളുടെ ഭർത്താക്കൻമാർ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പശുക്കളെ വിൽക്കുകയും ചെയ്തിട്ടുണ്ട്.

| ക്ര. നം. | പശുവിനെ വാങ്ങിയ ഗുണഭോക്താവ് | പശുവിനെ വിൽപ്പന നടത്തിയ വ്യക്തി |
|---|---|---|
| 1 | ശ്രീമതി അംബിക, അലക്കത്തൊടി | ശ്രീ. ഉണ്ണികൃഷ്ണൻ കുഴിയേങ്ങൽ (ഗുണഭോകാതാവിൻറ ഭർത്താവ്) |
| 2 | ശ്രീമതി പങ്കജവല്ലി അറുമുഖൻ, കടുവക്കത്ത് | ശ്രീ. ഉണ്ണികൃഷ്ണൻ കുഴിയേങ്ങൽ (ക്രമനം-1 ഗുണഭോക്താവിൻറ ഭർത്താവ്) |
| 3 | ശ്രീമതി റുഖിയ ഉമ്മർ, പപ്പാട്ട് | ശ്രീ. ഹമീദ് തയ്യിൽ. (ഗുണഭോക്താവിൻറ ഭർത്താവ്) |

നിലവിൽ പശുക്കളെ വളർത്തുന്ന ഗുണഭോക്താക്കൾ പരസ്പരം പശുക്കളെ വിൽക്കുന്നതായി കാണിച്ച്

വ്യാജരേഖകളുണ്ടാക്കി ധനസഹായം കൈപ്പറ്റിയതായാണ് ഫയൽ പരിശോധനയിൽ വ്യക്തമായത്. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/28-12-2016ന് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ചുമതലയേറ്റതിന്റെ തൊട്ടടുത്ത മാസങ്ങളിലാണ് പ്രൊജക്ട് നടപ്പാക്കിയതെന്നും ഗുണഭോക്താക്കളുമായി അടുത്ത പരിചയമോ കൂടുതൽ അറിവോ ഉണ്ടായിരുന്നില്ല എന്നുമാണ് വെറ്ററിനറി സർജൻ അറിയിച്ചിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. അനർഹമായി ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം ക്രമപ്രകാരമല്ലാത്തതിനാൽ .ക്രമനം (1),(3)എന്നിവർക്ക് നൽകിയ30,000 രൂപ (2X15000) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഡോ. സജിത്തിൽ നിന്നീടാക്കേണ്ടതാണ്.

## 3-4 പഠനയാത്രക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല.

നിർവ്വഹണം -അസി.സെക്രട്ടറി പ്രോജക്ടിന്റെ പേര് -ബാലസഭ

അടങ്കൽ - 15000/- ചെലവ് -15,000/-

ബിൽ നം – 8/15-16/29.2.16 തുക -15,000

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ 362/2013/L.S.G.D/16.11.2013 പ്രകാരം (ഖണ്ഡിക-7.7)ഉൽപ്പാദന പരമല്ലാത്ത പരിപാടികളായ മേളകൾ ,ഉല്ലാസ യാത്ര,പഠനയാത്ര എന്നിവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്ന് വിരുദ്ധമായാണ് പ്രോജക്ടിന്റെ ഭാഗമായി 7912/- രൂപ വയനാട്ടിലേക്ക് പഠനയാത്രക്ക് ചെലവഴിച്ചത്. ചെലവ് അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.13/23-12-2016ന് ലഭ്യമായ മറുപടി പരാമർശം സാധൂകരിക്കുന്നില്ല. 7912/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കൺവീനർ പ്രവൃത്തികൾ-അടിസ്ഥാനരേഖകൾ ഹാജരാക്കിയിട്ടില്ല

പ്രവൃത്തി-അമ്പലക്കുത്തുപടി-ഇരിക്കപ്പറമ്പ് റോഡ് പ്രോജക്ട്- 94/15-16

അടങ്കൽ -460000 ചെലവ് -460000(MGR)

കൺവീനർ -സൈനുദ്ധീൻ ബിൽനം-115/15-16/31.3.16

എംബുക്ക് - 78/15-16 എഗ്രിമെൻറ് നം -78/15-16/4.1.2016

പ്രവൃത്തി യുടെ ധനവിനിയോഗരേഖകളിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

1.കൺവീനറായി തെരെഞ്ഞെടുത്ത പഞ്ചായത്ത് തീരുമാനം

2.ബാങ്ക് പാസ്സ് ബുക്ക് ക്ലോസ്സ് ചെയ്തത് (PRINTED COPY)

3.മെററീരിയൽ പർച്ചേസ് നടത്തിയതിന്റെ അംഗീകൃത ബില്ലുകൾ (A.E വാല്യുവേഷൻ നടത്തിയ ബില്ല്)

4.AE സാക്ഷ്യപ്പെടുത്തിയ മസ്റ്റർ റോൾ

മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് സ്ഥാപിക്കൽ-നികുതി ഈടാക്കിയിട്ടില്ല

പ്രോജക്ട് നം -171/16 നിർവ്വഹണം -സെക്രട്ടറി

അടങ്കൽ -200000/- ചെലവ് -193410/-

ബിൽ നം (1)829/15-16/26.3.16 -150000/- (2) 893/15-16/26.3.16 -43410

കോൺട്രാക്ടർ ശ്രീ. അബ്ദുറസ്സാക്ക്

വാർഷിക അററകുററപ്പണിക്ക് കോൺട്രാക്ട് വിളിച്ച് നിർവ്വഹണം നടത്തിയതിൽ താഴേപ്പറയുന്ന അപാകതകൾ കാണുന്നു

1.ഏക ടെൻണ്ടർ സ്വീകരിച്ചു റീടെൻണ്ടർ നടത്തിയില്ല
2.കോൺട്രാക്ടർ ലൈസൻസ് ഹാജരാക്കിയിട്ടില്ല
3.കോംമ്പൗണ്ടിങ് സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല
4നികുതി ഈടാക്കി ഒടുക്കിയിട്ടില്ല
5മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

ഈടാക്കേണ്ട നികുതികൾ

| | | |
|---|---|---|
| വാററ് | 10% | 19341/- |
| തൊഴിലാളി ക്ഷേമിനിധി വിഹിതം | 1% | 1934/- |
| ആദായ നികുതി | 1% | 1934/- |
| ------------ | | |
| ആകെ | | 23209/- |

23209/-രൂപ കോൺട്രാക്ടറിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഒടുക്കണം

## 3-7 SC വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -അപാകതകൾ

നിർവ്വഹണം -ഹെഡ്മാസ്റ്റർ പ്രോജക്ട് നം -219/16

അടങ്കൽ -174638/- ചെലവ് -171732/- ബിൽ നം. 1/15-16/19-02-2016

43 എസ്.സി.വിദ്യർത്ഥികൾക്ക് KAS (KERALA ARTISANCE SOCEITY) മുഖേന ഫർണ്ണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് ആണ് തയ്യാറാക്കിയിട്ടുള്ളത് .

സബ്സിഡി മാർഗ്ഗരേഖയിൽ (GO (MS)362/2013/LSGD/16.11.13) (അനുബന്ധം -16 (6.8 ഖണ്ഡിക)(1)സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്ററ് പ്രകാരമുള്ളവർക്ക് വിതരണം ചെയ്യണം (2)സ്കൂൾ അധികൃതർ മുഖേന വിതരണംചെയ്യേണ്ടതും (3)എസ്.സി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കററ് സഹിതം (ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ളത് )അപേക്ഷിക്കണം എന്ന് വ്യക്ത മാക്കിയിട്ടുണ്ട് .എന്നാൽ ഇതിൽ ഒരു നടപടിക്രമം പോലും പാലിച്ചിട്ടില്ല.രേഖകൾ ഹാജാരാക്കാത്ത സാഹചര്യത്തിൽ തുക തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് ഓഡിററ് എൻക്വയറിക്ക് (നം15/15-16/23.12.16)സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല.

## 3-8 അസി.എൻജിനിയർ-പദ്ധതി പ്രവർത്തനത്തിന് പ്രവർത്തന കലണ്ടർ പാലിക്കുന്നില്ല

തൻവർഷത്തെ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

ആകെ പ്രോജക്ടിന്റെ എണ്ണം-170

നിർവ്വഹണം -46

ആകെ ബില്ലുകൾ -164

പ്രതിമാസ നിർവ്വഹണം

| മാസം | ബില്ലുകൾ | മാസം | ബില്ലുകൾ |
|---|---|---|---|
| 4/2015 | --- | 10/2015 | 1 |
| 5/2015 | - | 11/2015 | -- |
| 6/2015 | 1 | 12/2015 | 12 |
| 7/2015 | 3 | 1/2016 | 8 |
| 8/2015 | 6 | 2/2016 | 9 |
| 9/2015 | 7 | 3/2106 | 117 |

11 മാസം നാമമാത്ര പ്രോക്ടുകൾ മാത്രം നിർവ്വഹണം നടത്തി 90% പ്രോക്ടുകൾ മാർച്ച് മാസത്തിൽ മാത്രം നിർവ്വഹണം നടത്തി ബില്ലുകൾ നൽകിയത് പ്രോക്ടുകളുടെ പ്രവർത്തന കലണ്ടർ പ്രകാരമുള്ള നിർവ്വഹണത്തിൻറ ലംഘനമാണ് .ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാൻ ഇടയുണ്ട് .പ്രവർത്തന കലണ്ടർ പ്രകാരം 12 മാസം തുല്യമായി വീതിച്ച് നിർവ്വഹണം നടത്തിയാൽ കൃത്യമായ മേൽ നോട്ടം നടത്താമെന്നിരിക്കേ മാർച്ച് മാസത്തിൽ മാത്രം ബില്ലുകൾ മാറുന്നത് ആസൂത്രണത്തിലെ അപാകതയാണ്. പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 PHC മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കണം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2015-16 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ,തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് : പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

നം. : S0015/15-16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ/തിയ്യതി: 5/15-16 തി. 23-09-2016

തുക : 100,000 (എം.ജി. റോഡിതരം) ഡി.ഡി നമ്പർ: 675857/ 8-10-2015

പെർഫോർമ ഇൻവോയ്സ് നമ്പർ : PRF 698/03-09-2015

| ലഭ്യമായ മരുന്നുകൾ | | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്ന് വില |
|---|---|---|
| ഇൻവോയ്സ് നമ്പർ/തിയ്യതി | തുക | 69,950 |
| 2845/28-11-2015 | 24,937 | |
| 5160/15-03-2016 | 5,113 | |
| ആകെ | 30,05 | |

69,950രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് പരിചരണത്തിനായി തുക ചെലവഴിക്കൽ മാർഗ്ഗരേഖ പാലിക്കണം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2015-16 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പരിരക്ഷ പദ്ധതി (S055/15-16)യിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. ഹോം കെയർ ടീമിന് ഭക്ഷണം - അധിക തുക നൽകി.

2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖല ജി.ഒ (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തിയ്യതി. 29-10-2015 ഖണ്ഡിക 2.6.3 (3) പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി 3 പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണചെലവ് (ഒരാൾക്ക് ഒരുദിവസം പരമാവധി 60 രൂപ) പ്രൊജക്ടിൽ വകയിരുത്താവുന്നതും പി.എം.സി യുടെ തീരുമാന പ്രകാരം ചെലവഴിക്കാവുന്നതാണ്. ഇത് പ്രകാരം ഈ ഇനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക 180 രൂപയാണ്.

എന്നാൽ 2015 നവംബർ മുതൽ 240 രൂപ വീതമാണ് (31 തവണ) ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്.

2. പാലിയേറ്റീവ് പരിചരണത്തിനായി പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണ്. വാഹന വാടകക്കായി ചെലവഴിച്ച തുകയുടെ വൗച്ചറിൽ ട്രിപ്പ്ഷീറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും, ഓടിയ ദൂരം ട്രിപ്പ്ഷീറ്റിൽ വ്യക്തമല്ല. ദിവസം 35-44കി.മീ. ഓടുന്ന വാഹനത്തിന് നൽകാവുന്ന 1000/- രൂപ വീതമാണ് എല്ലാ ദിവസവും വാടക നൽകി വരുന്നത്.
പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 കൺവീനർ പ്രവൃത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല.

| വർഷം | ആകെ പ്രവൃത്തികൾ | കൺവീനർ പ്രവൃത്തികൾ | കോൺട്രാക്ട് പ്രവൃത്തികൾ |
|---|---|---|---|
| 2015-16 | 176 | 116 | 60 |

സംസ്ഥാന ആസൂത്രണബോർഡ് 1999-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ താഴെപറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നിർവ്വഹണം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

1.പൊതുമരാമത്ത ചട്ടം വകുപ്പ് 13 പ്രകാരമുള്ള ഗുണഭോക്തൃ സമിതി രൂപീകരണം നടത്തിയിരിക്കണം.പ്രസിഡൻറോ,സ്റ്റാൻഡിങ് കമ്മററി ചെയർമാനോ,മെമ്പറോ, 3 ദിവസങ്ങൾക്ക് മുമ്പ് നോട്ടീസ് രേഖാമൂലം നോട്ടീസ് നൽകി, 7മുതൽ 15വരെ അംഗങ്ങളും ചെയർമാൻ ,കൺവീനർ എന്നിവരേയും തെരെഞ്ഞെടുത്ത് പഞ്ചായത്ത് ഭരണസമിതിയിൽ അംഗീകാരം വാങ്ങിയിരിക്കണം ഇത് പാലിക്കപ്പെട്ടിട്ടില്ല

2.പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങി ആയതിലൂടെ മാത്രമേ ഇടപാട് നടത്താവൂ പ്രവൃർത്തിപൂർത്തികരിച്ചാൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിക്കണം .ആയത് പാലിച്ചിട്ടില്ല.

3.മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ പൂർത്തികരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ

സാക്ഷ്യപ്പെടുത്തിയിരിക്കണം ഇത് പാലിക്കപ്പെട്ടിട്ടില്ല

4.നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അംഗീകൃതബില്ലുകൾ ലഭ്യമാക്കണം. ആയത് അസി.എൻജിനിയർ വാല്വേഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം ഇത്പാലിക്കപ്പെട്ടിട്ടില്ല. സിമൻറ് ,കമ്പി,മെററൽ എന്നിവ വാങ്ങിയതിന്ന് അംഗീകൃത ബില്ലുകൾ ഹാജരാക്കിയിട്ടില്ല

5.കൺവീനർ പ്രവൃത്തികളിൽ ആദായനികുതി ഈടാക്കിയത് പല നിരക്കിൽ ആണ്.ക്ഷേമനിധി ഒടുക്കിയതിന്റെ രേഖ (കൈപ്പററ് രശീതി) ഹാജരാക്കിയിട്ടില്ല

6.കൺവീനറുടെ പേരിലുള്ള പാൻകാർഡ് കോപ്പിഫയലിൽ സൂക്ഷിച്ചിട്ടില്ല

7.മിനിററ്സ് ബുക്കിൽ പ്രോജക്ട് പൂർത്തികരിച്ച ശേഷം കണക്ക് അവതരിപ്പിച്ച് പാസ്സാക്കിയതായി കാണുന്നില്ല

അപൂർണ്ണമായ രേഖകളിന്മേൽ ആണ് ബില്ലുകളെല്ലാം നൽകിയിട്ടുള്ളത്.ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-12 നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

താഴെപറയുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം 50 ശതമാനത്തിൽ താഴേ മാത്രമാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| അസി.എൻജിനിയർ | 29162875 | 16689931 | 57 % |
| വെറററിനറി | 1610000 | 718850 | 44% |
| വി.ഇ.ഒ | 6736100 | 3220000 | 47% |
| അസി.സെക്രട്ടറി | 2730000 | 1511488 | 57.5% |

പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹണം നടത്തുവാൻ നിർവ്വഹണാദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി അവലോകനം

ഫസ്റ്റ് പ്രോജക്ട് പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 71 |
| വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 3 |
| ലഭിച്ചവർ | - |
| വീട് ആവശ്യമുള്ളവർ | 11 |
| ലഭിച്ചവർ | 3 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | - |
| കക്കൂസ് ആവശ്യമുള്ളവർ | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 8 |
| ലഭിച്ചവർ | 0 |

ഒന്നാം ഘട്ട പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തുക നാളിതുവരെയായി ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണംലഭ്യമാക്കേണ്ടതാണ്. (ഈ തുക ഉപയോഗിച്ച് സ്ഥലം,വീട് ,വീട് റിപ്പയർ,കക്കൂസ് ,കറൻറ് എന്നിവ മാത്രമേ അനുവദിക്കാവൂ )അംഗീകാരം കിട്ടിയ ആദ്യവർഷം തന്നെ ഈ സൗകര്യങ്ങൾ നൽകാൻ പഞ്ചായത്തിന്ന് നിർദ്ദേശമുണ്ടായിരിക്കെ ആയത് പാലിക്കപ്പെട്ടിട്ടില്ല.നിലവിൽ 71 ഗുണഭോക്താക്കൾക്ക് കിററ് വിതരണം നടത്തുന്നുണ്ട് .ഇവരിൽ അനർഹർ ഉണ്ടോ എന്നകാര്യം പരിശോധിക്കണം. ഒന്നാംഘട്ട പ്രോജക്ട് പ്രകാരം വീടുവെക്കുന്നതിന്ന് അനുവദിച്ച 325000/-രൂപ വകമാററി രണ്ടാംഘട്ട പ്രോജക്ടിന്റെ നിർവ്വഹണത്തിന് വേണ്ടി സർക്കാർ അനുമതിയില്ലാതെ ചെലവവിച്ചത് ക്രമപ്രകാരമല്ല .

## 3-14 അംഗനവാടികളുടെ അടിസ്ഥാന സൗകര്യം പര്യാപ്തമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18 അംഗനവാടികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ പഞ്ചായത്ത് അനാസ്ഥ കാണിക്കുന്നതായി ബോധ്യപ്പെട്ടു.
വിശദവിവരം ചുവടെ
ആകെ അംഗനവാടികൾ -18
സ്വന്തമായി കെട്ടിടമുള്ളവ -13
വാടക കെട്ടിടം -5
വൈദ്യുതി ഉള്ളവ -7
വെള്ളസൗകര്യം ഉള്ളവ -5
2015-16 ൽ മെയിൻറനൻസ് ഗ്രാൻറിനത്തിൽ വലിയ തുക ചെലവഴിക്കാതെ കിടക്കുമ്പോൾ മേൽ പ്രസ്താവിച്ച അംഗനവാടികളുടെ കാര്യത്തിൽ ഒരു നടപടിയും നിലവിലെ ഭരണസമിതി കൈക്കൊണ്ടിട്ടില്ല.ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

## 3-15 പ്രസിഡൻറിൻറ ദുരിധാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്തി രാജ് (ദുരിതാശ്വാസ നിധി രൂപീകരണം)ചട്ടങ്ങൾ പ്രകാരമുള്ള പ്രത്യേക അക്കൗണ്ട് മുഖേന നിധി രൂപീകരിച്ച് അടിയന്തിര സഹായം നൽകുന്നതിന്ന് വ്യവസ്ഥയുണ്ട് എന്നാൽ നാളിതുവരെയായി ആയത് രൂപീകരിക്കുകയോ സഹായം നൽകുകയോ ചെയ്തിട്ടില്ല .അടിയന്തര നടപടിക്ക് ശുപാർശ ചെയ്യുന്നു

## 3-16 ഡെപ്പോസിററ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

താഴെപ്പറയുന്ന ഡെപ്പോസിററ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം | നിർവ്വഹണം |
|---|---|---|---|---|---|
| 22/15-16 | S.S.A | 500000 | 500000 | A-2/3274/15-16/16.9.15 | സെക്രട്ടറി |
| 26/15-16 | IAY | 480000 | 460000 | 16/15-16/30.3.2016 | വി.ഇ.ഒ |

## 3-17 പൊതുടാപ്പുകൾ -സംയുക്തപരിശോധന നടത്തണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 57പൊതുടാപ്പുകൾ K.W.A യുടെത് പ്രവർത്തിക്കുന്നതിന്ന് പ്രതിമാസം 24938/-രൂപ നിരക്കിൽ പ്രതിവർഷം 299256/-രൂപ നൽകി വരുന്നുണ്ട്. ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്ന് പഞ്ചായത്തും,വാട്ടർ അതോറിറ്റിയും. സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് വെള്ളക്കരം നൽകാനും അല്ലാത്തവ ഒഴിവാക്കുന്നതിന്നും നടപടി സ്വീകരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷി വിഭാഗം പഠന സ്കോളർഷിപ്പ്-8/16 | 200000 | 0 |
| | 100000 | ഭിന്നശേഷിവിഭാഗം ഉപകരണങ്ങൾ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി വിഭാഗം പഠന സ്കോളർഷിപ്പ്-8/16 | 200000 | 0 |

| | | | | |
|---|---|---|---|---|
| | 100000 | ഭിന്നശേഷിവിഭാഗം ഉപകരണങ്ങൾ-34/16 | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

(i). വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമനം. | 2015-16ൽ ലഭിച്ചവായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെവലഴിച്ചതുക | വിനിയോഗിക്കാ നവശേഷിക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ച വിവരം |
|---|---|---|---|---|---|
| 1 | 147000 | എം.എൻ.ലക്ഷംവീട് പുനർ നിർമ്മാണം | 147000 | 0 | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമനം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1. | എം.എൻ.ലക്ഷംവീട് പുനർ നിർമ്മാണം | 126466/db/15/lsgd തീയതി 31-03-2015 | 1470000 | --- | 300000 | 34323 | 1170000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000/- |

.വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതിനം. |
|---|---|---|
| സ്ഥിരനിക്ഷേപം MDCHospital | 5000 | 853 തീയതി 10.12.1993 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 47 | 2002-03 | കാച്ചിനിക്കാട്- കിഴക്കേടത്ത്റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 49 | 2002-03 | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 60-1 | 2002-03 | പാറക്കടവ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 62-2 | 2002-03 | കാഞ്ഞാമ്പാടം ജലസേചന പദ്ധതി | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 63-1 | 2002-03 | തടത്തിൽ കുണ്ട്- പിലാപ്പറമ്പ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 64-a,b | 2002-03 | ചോലക്കൽ കുളമ്പ് റോഡ് ടാറിംഗ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | 70 | 2002-03 | പൊളളോട്ട്ചിറമണ്ണ് സംരക്ഷണം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2000-01 | പൊതുപരാമർശം | 2003-04 | മാരാത്ത് കുളമ്പ് റോഡ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| | | 2003-04 | ജലസേചന പദ്ധതി | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 25655576 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36191468 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 123992/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1766732 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 46120 | ശ്രീ.മൊയ്തീൻകുട്ടി.പി, ഹെഡ്മാസ്റ്റർ, |

| | | | |
|---|---|---|---|
| 3-2 | | 39960 | ശ്രീ.മുജീബ്റഹ്മാൻ.പി.എം,A.E. |
| 3-3 | | 30000 | ഡോ.സജിത്ത്,<br>വെററിനറി സർജൻ |
| 3-4 | | 7912 | ശ്രീമതി.റോസി,അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 460000 | ശ്രീ.മുജീബ് റഹ്മാൻ,A.E |
| 3-7 | 171732 | ശ്രീ.മൊയ്തീൻക്കുട്ടി,H.M. |
| 3-16 | 960000 | ശ്രീ.രാജീവൻ.സി.പി,സെക്രട്ടറി 500000<br>ശ്രീ.ശ്രീജിത്ത്വി.ഇ.ഒ - 460000 |
| 3-17 | 175000 | ശ്രീ.മുജീബ് റഹ്മാൻ,A.E |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-6 23209 ശ്രീ.രാജീവൻ, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുജീബ് റഹ്മാൻ.പി.എം, അസിസ്റ്റന്റ് എഞ്ചിനീയർ | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പിച്ചൻമഠത്തിൻ (H) കച്ചേരിപ്പറമ്പ് , വെസ്ററ്കോഡൂർ മലപ്പുറം |
| ശ്രീ.മൊയ്തീൻകുട്ടി, ഹെഡ്മാസ്റ്റർ | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പട്ടർകടവൻ(H) മക്കരപ്പറമ്പ് ,മലപ്പുറം |
| ശ്രീമതി.റോസ്സി,അസി.സെക്ര, | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | M.S.P.ക്വാർട്ടേഴ്സ് (OLD)മലപ്പുറം |
| ഡോ. സജിത്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | കുറുവചോല വീട്, അങ്ങാടിപ്പുറം, മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 | |
| 1997-98 | LFM-14/1475/01/28.10.10 | 15 | |
| 1999-00 | LFM-14/1477/01/28.10.10 | 15 | |

| | | | |
|---|---|---|---|
| 2000-01 | LFM-14/720/02/28.10.10 | 12 | |
| 2001-02 | LFM-11/1545/02/28.10.10 | 1 | |
| 2002-03 | LFM-11/965/04/28.10.10 | 2 | |
| 2003-04 | LFM-11/231/05/28.10.10 | 1 | |
| 2004-05 | LFM-12/1895/08/28.10.10 | 3 | |
| 2005-06 | LFM-12/948/11/3.8.11 | 6 | |
| 2006-07 | LFM-17/1758/(2)/10/23.10.10 | 9 | |
| 2007-08 | LFM-12/1534/11/13.9.11 | 15 | |
| 2008-09 | LFM-12/1535/11/13.9.11 | 13 | |
| 2009-10 2010-11 | LFM-13/777/13/5.6.2013 | 24 | |
| 2011-12 2012-13 | KSAMPM-13/1145/2014/3.7.14 | 19 | |
| 2013-14 2014-15 | KSAMPM-13/1145/2014/3.7.14 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിററ് വകുപ്പ്

# ANNEXURE

## ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ-എം.പി.എം13/16/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483 2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയതി 05-02-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൻറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

AUDIT CERTIFICATE

KSA-MPM.13/16/2017

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in
Dated 05-02-2017

Certified that I have examined the Annual Financial Statement of MAKKARAPARAMB GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.
In my opinion the Financial Statements of MAKKARAPARAMB Grama Panchayat for the year 2015-6 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR
DISTRICT AUDIT OFFICE
MALAPPURAM